കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.01 Date: 01/06/2025

സ്നേഹ ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, സുഹൃത്തേ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാശംസകൾ.

**<u>കരിയർ ഗൈഡൻസ് ട്രെയിനർമാരെ രൂപീകരിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം :</u>** യുവജനങ്ങളെ വഴികാട്ടാൻ, നാളത്തെ തലമുറയെ രൂപപ്പെടുത്താൻ

ബിരുദധാരികൾക്കും ബിരുദാനന്തര ബിരുദധാരികൾക്കും (മേൽപ്പറഞ്ഞ യോഗ്യതയുള്ള മുൻ കെ.സി.വൈ.എം അംഗങ്ങൾക്കും) സമഗ്രമായ കരിയർ മാർഗ്ഗനിർദ്ദേശ പരിശീലനം നൽകുക. കരിയർ ഗൈഡൻസ്, കരിയർ മാപ്പിംഗ്, കരിയർ കൗൺസിലിംഗ് എന്നിവയിൽ അവരെ പ്രാവീണ്യമുള്ളവരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഭാവി തലമുറയെ അവരുടെ കരിയർ തിരഞ്ഞെടുപ്പുകളിൽ ശരിയായ ദിശയിലേക്ക് നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം.

ആയതിനാൽ ഈ രംഗത്ത് മികച്ച പരിശീലകരെ വാർത്തെടുക്കുന്നതിനായി 2025 ജൂൺ 20, 21, 22 തീയതികളിലായി എറണാകുളം പാലാരിവട്ടം പി. ഓ. സി. യിൽ വച്ച് കരിയർ ഗൈഡൻസ് പരിശീലകർക്കുള്ള ട്രെയിനിങ് നടത്തപ്പെടുന്നു. പ്രസ്തുത ട്രെയിനിങ് സെഷനുകൾ നയിക്കുന്നത് കരിയർ ഗൈഡൻസ് രംഗത്ത് വലിയ അനുഭവസമ്പത്തുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് കരിയ ഗൈഡൻസിൽ പി. എച്ച്. ടി. നേടിയ ഡോക്ടർ ഐസക് ജേക്കബ് ആണ്.

ഒരു രൂപതയിൽ നിന്ന് മൂന്നുപേർക്ക് മാത്രമായിരിക്കും പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുന്നത് (അതിൽ ഒരാൾ വനിതയായിരിക്കണം) ഗ്രാജ്വേറ്റ്/ പിജി വിദ്യാഭ്യാസ യോഗ്യതയുള്ള 25-40 വരെയുള്ളവർക്ക് ആയിരിക്കും ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ സാധിക്കുക. മേൽപ്പറഞ്ഞ യോഗ്യതയുള്ള മുൻ കെ.സി.വൈ.എം. അംഗങ്ങൾക്കും പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ ആയിരിക്കും

ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം ലഭിച്ച യുവജനങ്ങളെ ചേർത്ത് കെ.സി.വൈ.എം.ലാറ്റിൻ കരിയർ സെൽ രൂപീകരിക്കുകയും താഴെപ്പറയുന്ന മൂന്ന് ഘട്ടങ്ങളിലായി വിദ്യാർത്ഥികൾക്ക് സമഗ്ര കരിയർ ഗൈഡൻസ് നൽകുകയും ചെയ്യുന്നു:

**<u>പ്രധാന വിഷയങ്ങൾ:</u>**

- കരിയർ ഗൈഡൻസ്:
- കരിയർ മാപ്പിംഗ്:
- കരിയർ കൗൺസിലിംഗ്

**കരിയർ ഗൈഡൻസ്**: വിവിധ തൊഴിൽ മേഖലകളെക്കുറിച്ചുള്ള അവബോധം, അവസരങ്ങൾ തിരിച്ചറിയൽ, സ്വയം വിലയിരുത്തൽ, തൊഴിൽ ആസൂത്രണം, തൊഴിൽ നൈപുണ്യങ്ങൾ (ആശയവിനിമയ ശേഷി, പ്രശ്ന പരിഹാര ശേഷി, ടീം വർക്ക്, etc)

**കരിയർ മാപ്പിംഗ്**: വ്യക്തിഗത കഴിവുകൾ, താല്പര്യങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് അനുയോജ്യമായ പാതകൾ കണ്ടെത്തൽ.

**കരിയർ കൗൺസിലിംഗ്**: വ്യക്തിപരിചയം, കുടുംബവും സാമൂഹിക സാഹചര്യങ്ങളും, ആത്മവിശ്വാസം വിദ്യാഭ്യാസ വിശദാംശങ്ങൾ, പ്രവർത്തന അനുഭവം, തിരഞ്ഞെടുക്കുവാനുള്ള അവസരങ്ങൾ, etc

**പരിശീലന രീതി:** പ്രായോഗിക സെഷനുകൾ, ചർച്ചകൾ, കേസ് സ്റ്റഡികൾ etc

സ്വന്തം കരിയർ വ്യക്തമാക്കാനും, മറ്റുള്ളവരെ പ്രത്യേകിച്ച് യുവജനങ്ങളെ അവരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും സഹായിക്കാൻ കഴിവുള്ള ഒരു കൂട്ടം യുവജന നേതാക്കളെ വാർത്തെടുക്കുന്ന ഈ ട്രെയിനിങ് പരിപാടിയിലേക്ക് താല്പര്യമുള്ള കാൻഡിഡേറ്റ്സിനെ അതത് രൂപതാ സമിതികൾ രജിസ്റ്റർ ചെയ്യുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പ്രിയ സുഹൃത്തെ നാളിതുവരെ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്ക് അങ്ങ് നൽകിവന്ന എല്ലാ പിന്തുണയ്ക്കും നന്ദി അറിയിക്കുന്നു. തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അങ്ങയുടെയും അങ്ങയുടെ രൂപതയുടെയും പിന്തുണയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ ആർ

ജനറൽ സെക്രട്ടറി